ഉത്തരം

(എ) ഉണ്ട്.

(ബി) അതെ.

(സി) വില നിർണ്ണയിക്കുന്നതിന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. 85 ആഞ്ഞിലി മരം, 48 മരുത്, 25 കശുമാവ് എന്നിവ വെട്ടി നീക്കപ്പെട്ടു.

(ഡി) താഴെ പറയുന്നവരെ അറസ്റ്റു ചെയ്തിട്ടുണ്ട്:

1. നവോദയ സ്കൂൾ പ്രിൻസിപ്പൽ ഡോ. ഹരിദാസ്.
2. സ്കൂളിലെ യു. ഡി. ക്ലാർക്ക് ശ്രീ. പ്രസന്നകുമാർ.
3. നന്ദിയോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന ശ്രീ. പ്രഭാത്കുമാർ.
4. വിദ്യാലയത്തിലെ പി. ടി. എ. അംഗം ശ്രീ. അംബുജാക്ഷൻ കാണി.
5. ജെ. സി. ബി. കോൺട്രാക്ടർ ശ്രീ. സജികുമാർ.
6. തടികൾ വിലയ്ക്കുവാങ്ങിയ ശ്രീ. തുളസീധരൻ.
7. ജെ. സി. ബി. സൂപ്പർവൈസർ ശ്രീ. രഘു.

(ഇ) അറസ്റ്റു ചെയ്യപ്പെട്ടവരിൽ പഞ്ചായത്തു പ്രസിഡന്റായിരുന്ന ശ്രീ. പ്രഭാത് കുമാർ സി. പി. ഐ. (എം) മെമ്പറായി തെരഞ്ഞെടുക്കപ്പെട്ടയാളാണ്, മറ്റുള്ളവരുടെ രാഷ്ട്രീയ ബന്ധം അറിവില്ല.

പൊഴിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 126/90 ആയി രജിസ്റ്റർ ചെയ്ത കേസ്

72 [791] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 126/90 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള, ആസ്റ്റിൻ ദേവരാജിന്റെ കൊലപാതകം സംബന്ധിച്ച് കേസ് പുനരന്വേഷണത്തിനായി 3-12-2005-ൽ Home (M) 52576-ാം നമ്പർ എന്ന ഉത്തരവ് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ, ആ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവുപ്രകാരം സി.ബി.ഐ. അന്വേഷണം ഏറ്റെടുത്ത് കഴിഞ്ഞിട്ടുണ്ടോ;

(ഡി) പ്രസ്തുത കേസിന്റെ സി. ഡി. ഫയൽ ചില പോലീസ് ഉദ്യോഗസ്ഥൻമാർ എടുത്തു മാറ്റിയെന്ന പരാതി സർക്കാരിനു ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആ പരാതിയിൻമേൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പരാതിയിൻമേൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിജിലൻസ് അന്വേഷണം സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആസ്റ്റിൻ ദേവരാജിന്റെ മരണം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത പൊഴിയൂർ PS Crime No.126/90 (സി.ബി.സി.ഐ.ഡി. ക്രൈം 348/CR/04) 3-12-2005-ൽ പുനരന്വേഷണത്തിന് ഉത്തരവ് നൽകിയിട്ടില്ല. എന്നാൽ ഈ കേസ് സി. ബി. ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനുവേണ്ടി 4-1-2006-ൽ 62576/M3/05/ആഭ്യന്തരം നമ്പർ കത്തു പ്രകാരം കേന്ദ്ര ഗവൺമെന്റിനോട അഭ്യർത്ഥിച്ചിട്ടുള്ളതാണ്.

(ബി) പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) സി.ബി.ഐ.-യിൽ നിന്നും അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ഡി) 17-12-2003-ൽ ആസ്റ്റിൻ ദേവരാജിന്റെ വിധവ ശ്രീമതി രാജമ്മ നിയമസഭാ സമിതിക്ക് സമർപ്പിച്ച പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി തിരുവനന്തപുരം റൂറൽ പോലീസ് സൂപ്രണ്ട് അന്വേഷണത്തിനായി 17-2-2004-ൽ അയച്ചതിൻമേൽ ഡിവൈ.എസ്.പി. നടത്തിയ വ്യക്തിഗത അന്വേഷണത്തിൽ സി.ഡി. ഫയൽ ആരും മനഃപൂർവ്വം മാറ്റിയതല്ല എന്ന് അറിയാൻ കഴിഞ്ഞിട്ടുള്ളതും ടി ഫയൽ റീ കോൺസ്റ്റിറ്റ്യൂട്ട് ചെയ്തിട്ടുള്ളതുമാണ്.

(ഇ) വിജിലൻസ് അന്വേഷണത്തിന് ഉത്തരവായി. ആരോപണം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിച്ചു വരുന്നു.

കള്ള പ്രമാണം ചമച്ചവർക്കെതിരെ വിജിലൻസ് അന്വേഷണം

73 [793] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കവടിയാർ കൊട്ടാരത്തിലെ ഗൗരി പാർവ്വതി ഭായി തമ്പുരാട്ടി വിറ്റ സ്ഥലം (സർവ്വേ നമ്പർ 184) മറ്റാരെങ്കിലും കൈയടക്കാൻ കള്ള ആധാരം ചമച്ചതിനെ കുറിച്ച് വിജിലൻസ് അന്വേഷണം തുടങ്ങിയിട്ടുണ്ടോ;

(ബി) ഈ അന്വേഷണം ഏത് ഘട്ടം വരെയായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇതിലെ പ്രതികൾ ആരൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത 184 സർവ്വേയിൽ കള്ള പ്രമാണം ചെയ്ത ആൾക്കാരുടെ പക്കൽ നിന്നും കള്ള ആധാരങ്ങൾ പിടിച്ചെടുത്തിട്ടുണ്ടോ;

(ഇ) കള്ള പ്രമാണങ്ങൾ ചെയ്തവർ ആരൊക്കെയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സർവ്വേ ഡിപ്പാർട്ടുമെന്റിൽ നിന്നും പെൻഷൻ ആയ ആരെങ്കിലും ഇതിൽ പ്രതിയായിട്ടുണ്ടോ; എങ്കിൽ ആരെന്ന് വെളിപ്പെടുത്തുമോ;

(ജി) അന്വേഷണം പൂർത്തിയായിട്ടുണ്ടെങ്കിൽ കേസ് ഉടനെ ചാർജ് ചെയ്യുമോ;

(എച്ച്) ഈ ഭൂമിയുടെ ശരിയായ അവകാശി ആരെന്ന് വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly